II ഇ.ബി.XIV-കേരള നിയമസഭ/XI-11

# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ജൂൺ 21, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

33 (*301) സഹകരണ കോൺഗ്രസ്സിലെ ചർച്ചകൾ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, കണ്ണൂരിൽവച്ച് നടന്ന എട്ടാമത് സഹകരണ കോൺഗ്രസ്സിൽ സഹകരണ-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൂട്ടായ പ്രവർത്തനം, സ്ത്രീ ശാക്തീകരണവും തൊഴിൽ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കൽ, തിരിച്ചെത്തുന്ന പ്രവാസികളുടെ തൊഴിൽ നൈപുണ്യം സാമൂഹ്യ പുരോഗതിക്കായി വിനിയോഗിക്കൽ, മത്സ്യ സഹകരണ

സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ, പാലുൽപ്പാദനത്തിൽ ക്ഷീര സഹകരണ സംഘങ്ങളെ സ്വയംപര്യാപ്തമാക്കൽ തുടങ്ങിയ വിവിധ നയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് സഹകരണ നയം ചർച്ച ചെയ്യുകയും 19-06-2018-ലെ മന്ത്രിസഭാ യോഗം പ്രസ്തുത നയത്തിന് അംഗീകാരം നൽകുകയും ചെയ്തതായി സഭയെ അറിയിച്ചു. എല്ലാ സഹകരണ സംഘങ്ങളിലും കാർഷിക സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകിവരുന്നുണ്ട്. കർഷകരിൽനിന്നും സപ്ലൈകോ സംഭരിച്ച നെല്ലിന്റെ വില അവരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരണം ഉടൻ യാഥാർത്ഥ്യമാക്കുമെന്നും 'മുറ്റത്തെ മുല്ല' പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുമെന്നും സഹകരണ സർവ്വീസ് ബോർഡ് മുഖേന നിയമനം നടത്തേണ്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. വാണിജ്യ ബാങ്കുകളെ അപേക്ഷിച്ച് കാർഷിക വായ്പയിന്മേൽ വളരെ കുറഞ്ഞ പലിശയാണ് സഹകരണ സംഘങ്ങൾ ഈടാക്കുന്നത്. ഇത് ലംഘിക്കുന്ന

സംഘങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രിയും വയനാട് ഒഴികെയുള്ള ജില്ലകളിലെ 2011 വരെയുള്ള കാർഷിക കടങ്ങളും വയനാട് ജില്ലയിലെ 2014 വരെയുള്ള കാർഷിക കടങ്ങളും കാർഷിക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് കൃഷി വകുപ്പുമന്ത്രിയും വ്യക്തമാക്കി.

34 (*302) <u>സി. ആന്റ് എ.ജി. റിപ്പോർട്ടിലെ പരാമർശം</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, കേന്ദ്ര സർക്കാരിന്റെ നോട്ട് പിൻവലിക്കൽ, നികുതി പിരിക്കുന്നതിലുണ്ടായ കുറവ്, റവന്യൂ ചെലവിലുണ്ടായ വർദ്ധനവ്, പത്താം ശമ്പള പരിഷ്കരണം നടപ്പാക്കിയതുമൂലമുണ്ടായ അധിക സാമ്പത്തിക ബാധ്യത എന്നിവയാണ് സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയും ധനക്കമ്മിയും വർദ്ധിക്കാൻ ഇടയാക്കിയതെന്നും 2016-2017-ൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മോശപ്പെട്ടുവെന്ന സി. ആന്റ് എ.ജി. റിപ്പോർട്ടിലെ പരാമർശം അർഹിക്കുന്ന ഗൗരവത്തോടെ പരിഗണിക്കുന്നതാണെന്നും സഭയെ അറിയിച്ചു. റിപ്പോർട്ടിന്റെ ആധികാരികത സംബന്ധിച്ച് പരിശോധിക്കുന്നതിന് നിയമസഭാ സമിതികളുൾപ്പെടെയുള്ള വ്യവസ്ഥാപിത രീതികൾ അവലംബിക്കാവുന്നതാണ്.

വിവിധ പദ്ധതികൾക്കായി അനുവദിച്ച പണം ചെലവഴിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. 14-ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരമുള്ള കടബാദ്ധ്യത/ജി.എസ്.ഡി.പി. അനുപാതം നിലനിർത്താൻ സാധിച്ചതുമൂലം കടബാധ്യത ക്രമാതീതമായി വർദ്ധിക്കുന്നത് ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ജി.എസ്.ടി. വരുമാനം 10 ശതമാനത്തിൽനിന്ന് 14 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. ഫിസ്കൽ കൺസോളിഡേഷനെക്കുറിച്ച് പരിശോധിക്കുന്നതിനായി കമ്മിറ്റിയെ നിയോഗിക്കുന്നതാണ്. ഇ-വേ ബിൽ സംവിധാനം പൂർണ്ണമാകാത്തതിനാൽ ചെക്ക്പോസ്റ്റുകളിൽ വാഹന പരിശോധനയ്ക്കായി സ്ക്വാഡുകളെ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പരീക്ഷണാടിസ്ഥാനത്തിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പെട്രോളിയം ഉൽപ്പന്നങ്ങളെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ ഉണ്ടാകാവുന്ന നികുതി നഷ്ടം പരിഹരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

35 (*303) <u>കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഫണ്ടുകൾ</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ടെന്നും പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാത്ത വകുപ്പുകൾക്ക് പ്രത്യേക നിർദ്ദേശം നൽകാറുണ്ടെന്നും ഓൺലൈൻ മോണിറ്ററിംഗ് സംവിധാനമായ പ്ലാൻ സ്പേസ് വഴി പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നുണ്ടെന്നും സഭയെ അറിയിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനത്തിനായി രൂപീകരിച്ചിട്ടുള്ള പ്രത്യേക കോ-ഓർഡിനേഷൻ സെൽ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നുണ്ട്. പദ്ധതികൾക്ക് ലഭിക്കുന്ന ധനസഹായം യഥാസമയം വിനിയോഗിക്കുന്നതിന് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ അനുയോജ്യമല്ലാത്തതിനാൽ അവ നടപ്പിലാക്കുന്നതിന് പ്രത്യേക പരിശോധനാ സംവിധാനം

ഏർപ്പെടുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. ഇറിഗേഷൻ-കൃഷി ഡിപ്പാർട്ടുമെന്റുകൾ സംയുക്തമായി ഏകദേശം 30,000 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതിന് പുറമെ ഈ വർഷത്തെ റഫ്താർ പ്രോജക്ട് തയ്യാറാക്കുന്നതിനായി പ്രത്യേക സെല്ലുണ്ടാക്കിയിട്ടുണ്ടെന്ന് കൃഷി വകുപ്പുമന്ത്രിയും മരാമത്ത് വകുപ്പിന് അനുവദിച്ച പണം ചെലവഴിച്ചില്ലെന്നത് അടിസ്ഥാനരഹിതമാണെന്ന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയും വാട്ടർ സപ്ലൈയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് പണം നൽകാൻ തികയുന്നില്ലെന്നും ഇതുമായി ബന്ധപ്പെട്ട് നിരവധി കേസ്സുകൾ ഹൈക്കോടതിയിൽ നിലനിൽക്കുകയാണെന്നും ജലവിഭവ വകുപ്പുമന്ത്രിയും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3695 മുതൽ 3852 വരെയുള്ള ചോദ്യങ്ങളിൽ 78 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)